## 660

1 ഈ വഴി വളരെ ഇടുക്കം ഞെരുക്കം
ആരിതു കടന്നിടുമോ?
കൂട്ടുകാർ ചുരുക്കം സഹായികൾ ചുരുക്കം
ഹാ! ഇതല്ലോ മോക്ഷവഴി

കഷ്ടതകൾ തീർക്കുവാൻ സിദ്ധന്മാരെ ചേർക്കുവാൻ
പെട്ടെന്നേശു വന്നിടുമേ മുട്ടുകൾ തീർത്തിടും കണ്ണുനീർ
തുടയ്ക്കും ദുഃഖമെല്ലാം തീർത്തിടുമേ

2 ആരുള്ളു ചാരുവാൻ എൻമണവാളനൊഴികെ
ഞെരുക്കമുള്ളീ മരുവിൽ ആവശ്യം വളരെ തൻ
വാഗ്ദത്തം ഉണ്ടല്ലോ ആയതെല്ലാം സത്യമല്ലോ-

3 മരണം വരെയും തിരുരക്തത്താലും
തിരുവചനം വഴിയും
പരിശുദ്ധാത്മാവിലും പരിശുദ്ധമാകണം
കറ തീരെ ഇല്ലാതെ-

4 ഞാൻ കുറയുന്നെങ്കിലോ യേശു എന്നിൽ വളരട്ടെ
മഹത്വം അവനിരിക്കട്ടെ ഞാനവനായ് ചാകണം
എങ്കിലോ വേണ്ടില്ല ആയിരങ്ങൾ ജീവിക്കട്ടെ-

5 കണ്ണുനീരിൻ താഴ്‌വര നിന്ദകൾ കുറവില്ല
എങ്കിലുമുണ്ടാശ്വാസം
യേശുവിൻ സാക്ഷ്യവും സത്യവചനവും
മാത്രമല്ലൊ വരുത്തുന്നിത്

6 കൂട്ടുകാർ ദുഷിക്കട്ടെ നാട്ടുകാർ പഴിക്കട്ടെ
യേശു ഇന്നും ജീവിക്കുന്നു
വിട്ടതും വെടിഞ്ഞതും യേശുവിൻ പ്രബോധനം
അനുസരിച്ചാണല്ലോ ഞാൻ

7 കൂലിക്കാരല്ല ഞാൻ യേശുവിൻ സ്ഥാനാപതി
തെരഞ്ഞെടുക്കപ്പെട്ടവൻ ഞാൻ രാജകീയ പുരോഹിതൻ
വിശുദ്ധവംശക്കാരൻ ഞാൻ
സ്വന്തക്കാരനാണല്ലോ ഞാൻ-